**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1004** **10-06-2021 - ൽ മറുപടിയ്ക്ക്**

**മാരിയിൽക്കലുങ്ക് പാലം അപ്രോച്ച് റോഡിനുള്ള സ്ഥലം ഏറ്റെടുക്കൽ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ജെ. ജോസഫ് | | **Shri. K. Rajan**<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | തൊടുപുഴ നിയോജക മണ്ഡലത്തിലെ മാരിയിൽക്കലുങ്ക് പാലം അപ്രോച്ച് റോഡിനുള്ള സ്ഥലം ഏറ്റെടുക്കൽ നടപടി ഏതു ഘട്ടം വരെയായിയെന്ന് വിശദമാക്കുമോ; | (എ) | ഇടുക്കി ജില്ലയിലെ തൊടുപുഴ വില്ലേജിൽ മാരിയിൽ കലുങ്ക് പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിനായി സ്ഥലം ഏറ്റെടുക്കുന്നതിന് 07/04/2017-ലെ സ.ഉ(സാധാ) നം. 1691/2017/ റവന്യൂ നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി പുറപ്പെടുവിച്ചിട്ടുള്ളതും, തുടർന്ന് 11/12/2020 ലെ സി7-16097/10 പ്രകാരം 11(1) വിജ്ഞാപനം പുറപ്പെടുവിച്ച്, 19/12/2020-ലെ 3024-ാം നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുമാണ്. എൽ.എ.അർ.ആർ ആക്ട്, 2013 പ്രകാരമുള്ള ആർ.ആർ പാക്കേജ് നിർണ്ണയിച്ച് 19(1) പ്രഖ്യാപനം പ്രസിദ്ധപ്പെടുത്തി അവാർഡ് പാസ്സാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | നഷ്ട പരിഹാര തുക നൽകുന്നതിനും അക്വിസിഷൻ പൂർത്തിയാക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | മാരിയിൽ കലുങ്ക് പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിനായി സ്ഥലം ഏറ്റെടുക്കുന്നതിന് നഷ്ടപരിഹാര തുകയായ 3.5 കോടി രൂപ അർത്ഥനാധികാരിയായ പി.ഡബ്ല്യൂ.ഡി യിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് എൽ.എ.ആർ.ആർ ആക്ട്, 2013 പ്രകാരമുള്ള 19(1) പ്രഖ്യാപനം പ്രസിദ്ധപ്പെടുത്തി അവാർഡ് പാസ്സാക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ